II ഇ.ബി. XIII- കേരള നിയമസഭ/XIV-5

# പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2015 ജൂലൈ 2, വ്യാഴം

നിയമസഭ രാവിലെ 08.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

11 (*121) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പിന്റെ അവലോകനം

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ എം. കെ. മുനീർ) നൽകിയ മറുപടിയിൽ, 08-04-2015-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും 14-04-2015-ൽ ചേർന്ന പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരുടെ വകുപ്പുതല അവലോകന യോഗം ഗ്രാമ പഞ്ചായത്തുകളുടെയും 2014-15 വർഷത്തെ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടെന്നും 2014-15-ൽ തദ്ദേശ

ഭരണ സ്ഥാപനങ്ങൾ ചെലവഴിക്കാത്ത മുഴുവൻ തുകയും 2015-16-ലേയ്ക്ക് ക്യാരിഓവർ ചെയ്യാൻ അനുവാദം നൽകിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ഒരു പദ്ധതി കാലത്തേക്കുള്ള പഞ്ചവത്സര പദ്ധതിയും ഓരോ രണ്ട് വർഷത്തേക്കുള്ള പദ്ധതികളും രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചതിലൂടെ ഓരോ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും ആവശ്യമായ Shelf of Projects എപ്പോഴും തയ്യാറായിരിക്കുന്നതാണ്. പാലിയേറ്റീവ് കെയർ, ശാരീരിക മാനസിക വൈകല്യങ്ങളുള്ളവർക്ക് സ്കോളർഷിപ്പ്/ബത്ത നൽകൽ, പൊതു ശ്മശാനം/അറവുശാല ഇല്ലാത്ത പഞ്ചായത്തുകളിൽ അവ സ്ഥാപിക്കുന്നതിനുള്ള തുക എന്നിവയ്ക്ക് നിർബന്ധിത വകയിരുത്തൽ നടത്തണമെന്നും എസ്.സി.പി. ഫണ്ടുപയോഗിച്ച് പട്ടികവർഗ്ഗ കോളനികൾക്ക് വെളിയിലുള്ള റോഡ് നിർമ്മിക്കാൻ പാടില്ലെന്നും എസ്.സി.പി/റ്റി.എസ്.പി. ഫണ്ടിൽ 10% തുക എസ്.സി./എസ്.ടി. വിഭാഗത്തിലെ യുവജനങ്ങളുടെ ഉന്നമനത്തിനും ഉന്നത വിദ്യാഭ്യാസത്തിനും ചെലവഴിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ വർക്കിംഗ് ഗ്രൂപ്പുകളെ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിയന്ത്രണത്തിലാക്കിയതും പദ്ധതി നിർവ്വഹണത്തിന് മേലുദ്യോഗസ്ഥന്റെ അംഗീകാരം മതിയെന്ന നിബന്ധനയ്ക്കുപുറമെ പ്രസ്തുത നടപടികൾ ഇലക്ട്രോണിക് സംവിധാനത്തിലാക്കിയതും പദ്ധതി

രൂപീകരണ അംഗീകാര നടപടികൾ വേഗത്തിലും സുതാര്യവുമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്. പ്രോജക്ടുകളിന്മേലുള്ള പരാതികൾ പരിശോധിച്ച് തീർപ്പ് കൽപ്പിക്കുന്നതിന് സംസ്ഥാനതല അപ്പലേറ്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പദ്ധതി ആസൂത്രണം, രൂപീകരണം, നടപ്പിലാക്കൽ എന്നിവയ്ക്ക് സമയക്ലിപ്തത വരുത്തി ഡിസംബർ മാസത്തോടുകൂടി പൂർത്തീകരിക്കത്തക്ക രീതിയിൽ ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. ബന്ധപ്പെട്ട പി.എച്ച്.സി.കൾ മെയിന്റനൻസ് ഏറ്റെടുക്കുന്നപക്ഷം പഞ്ചായത്ത് ഫണ്ടുപയോഗിച്ച് പാലിയേറ്റീവ് കെയർ യൂണിറ്റുകൾക്ക് ആംബുലൻസുകൾ വാങ്ങാവുന്നതാണ്. എം.എൽ.എ./എം.പി. ഫണ്ട് പൂൾ ചെയ്ത് സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനും എ.ഇ.മാരുടെ ഒഴിവുകളിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലിക നിയമനം നടത്തുന്നതിനും പഞ്ചായത്തുകൾക്ക് അനുവാദം നൽകിയിട്ടുണ്ടെന്നും സുതാര്യത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി അടുത്ത സാമ്പത്തിക വർഷം മുതൽ 5 ലക്ഷം രൂപയിൽ കൂടുതലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ കർശനമാക്കുന്നതാണെന്നും ഉപചോദ്യങ്ങളിലിടപെട്ടുകൊണ്ട് മന്ത്രി വ്യക്തമാക്കി.

12 (*122) റബ്ബർ സംഭരണം

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) നൽകിയ മറുപടിയിൽ, റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിന്റെ ഭാഗമായി വിപണി വിലയിൽ നിന്നും കിലോയ്ക്ക് 5 രൂപ കൂടുതൽ നൽകി റബ്ബർ സംഭരണം നടത്തിവരികയാണെന്നും 2014 ഡിസംബർ മാസം വരെ ഈയിനത്തിൽ 1227.32 ടൺ റബ്ബർ സംഭരിച്ചിട്ടുണ്ടെന്നും വിപണി വില കി.ഗ്രാമിന് 171 രൂപയാകുന്നതുവരെ സംഭരണം തുടരുമെന്നും സഭയെ അറിയിച്ചു. 25-02-2014-ലെയും 13-10-2014-ലെയും ഉത്തരവുകൾ പ്രകാരം വിപണി വിലയെക്കാൾ കിലോയ്ക്ക് 2 രൂപ അധികം നൽകിയാണ് റബ്ബർ സംഭരിച്ചിരുന്നത്. '*വില സ്ഥിരതയ്ക്കുവേണ്ടി വിപണി ഇടപെടൽ*' പദ്ധതി പ്രകാരം സംഭരണ ഏജൻസികളുടെ കൈകാര്യച്ചെലവിനത്തിൽ 2013-14-ൽ 4 കോടി രൂപ സഹകരണ സംഘം രജിസ്ട്രാർക്കും റബ്ബർ സംഭരണം ഊർജിതപ്പെടുത്തുന്നതിനായി 2014-15-ൽ 6 കോടി രൂപ വീതം റബ്ബർമാർക്കിനും മാർക്കറ്റ് ഫെഡിനും കൃഷി വകുപ്പ് നൽകിയിട്ടുണ്ട്. റബ്ബർ കർഷകർക്ക് കൂടുതൽ സഹായങ്ങൾ നൽകുന്നതിന്റെ ഭാഗമായി റബ്ബർ ബോർഡ് ശക്തിപ്പെടുത്തുന്നതിന് യുക്തമായ നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. 150 രൂപയ്ക്ക് റബ്ബർ

സംഭരിക്കുന്ന പദ്ധതിയുടെ പ്രയോജനം യഥാർത്ഥ കർഷകന് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താനായി പതിനഞ്ചംഗ സമിതി രൂപീകരിച്ചിട്ടുണ്ടെന്നും സംഭരണ വില ബാങ്ക് അക്കൗണ്ട് വഴി ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇൻകം ഗ്യാരന്റി ആക്ട് ഫലപ്രദമായി നടപ്പാക്കുന്നതിനും വില സ്ഥിരത ഉറപ്പുവരുത്തുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരികയാണെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മന്ത്രി വ്യക്തമാക്കി.

13 (T*123) മിഷൻ 676-ലെ പദ്ധതികൾ

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) നൽകിയ മറുപടിയിൽ, മിഷൻ 676-ൽ ഉൾപ്പെടുത്തിയ 348 പദ്ധതികളിൽ 76 എണ്ണം പൂർത്തിയായെന്നും പദ്ധതികളുടെ പുരോഗതി സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിയും വകുപ്പ് തലവന്മാർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരും വിലയിരുത്താറുണ്ടെന്നും സഭയെ അറിയിച്ചു. വിവിധ വകുപ്പുകൾ പ്രത്യേകം തെരഞ്ഞെടുത്ത പ്രസ്തുത പദ്ധതികൾ ഈ ഗവൺമെന്റിന്റെ കാലയളവിനുള്ളിൽതന്നെ പൂർത്തിയാക്കാൻ കഴിയുന്ന തരത്തിലാണ് പ്രഖ്യാപിച്ചിട്ടുള്ളത്. സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാനും ധനവകുപ്പ്

അഡീഷണൽ ചീഫ് സെക്രട്ടറിയും എല്ലാ വകുപ്പ് സെക്രട്ടറിമാരുമായും വിശദമായ ചർച്ച നടത്തി പദ്ധതികൾ പ്രാവർത്തികമാക്കാനുള്ള ശുപാർശകൾ നൽകിവരുന്നു. മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികൾക്ക് ആസൂത്രണ ബോർഡ് മുൻഗണന നൽകുന്നുണ്ടെന്നും പദ്ധതിയുടെ നടത്തിപ്പിനായി രാജസ്ഥാൻ മാതൃകയിൽ നിയമനിർമ്മാണം നടത്തുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്ര ചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 1369 മുതൽ 1698 വരെയുള്ള ചോദ്യങ്ങളിൽ 228 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)

* * * * * * * * * *